## വഴിവെളിച്ചം

# പുണ്യം നേടുന്നവരും പാഴാക്കുന്നവരും

عَنْ أَنس بن مَالِك رَضِي الله عَنْهُ قَالَ: لَمَّا أَقْبَلَ شَهْرُ رَمَضَان قَالَ رَسُولُ ﷺ : سُبْحَان الله! مَا تَسْتَقْبِلُونَ وَمَاذَا يَسْتَقْبِلُكُمْ؟ قَالَ عُمَرُبن الخطاب رَضِي الله عَنْهُ : بِأَبِي أَنْتَ وَأُمِّي يَا رَسُولَ اللَّه، وَحْيٌ نَزَلَ ، أَوْ عَدُوّ حَضَرَ؟ قَالَ: لاَ وَلَكن شَهْرُ رَمَضَان يَغْفِرُ اللَّهُ فِي أَوَّل لَيْلَةٍ لِكُلِّ أَهْلِ هَذِه القِبْلَة. قَالَ: وَفِي القَوْمِ رَجُلٌ يَهُزُّ رَأْسَهُ فَيَقُولُ: بَخ بَخ . فَقَالَ لَهُ النَّبيُّ ﷺ : كَأَنَّهُ ضَاقَ صَدْرُكَ بِمَا سَمِعْتَ؟ قَالَ: لاَ. وَاللَّهِ يَا رَسُولَ اللَّه. وَلكن ذَكَرْتُ المُنَافِق. فَقَالَ النَّبيُّ ﷺ: المُنَافِقُ كَافِرٌ. وَلَيْسَ فِي ذَلِك شَيْءٌ

അനസുബ്നു മാലികി(റ)ൽനിന്ന്: റമദാൻ സമാഗതമായപ്പോൾ നബി(സ) പറഞ്ഞു: "സുബ്ഹാനല്ലാഹ്! ഏതൊന്നിനെയാണ് നിങ്ങൾ അഭിമുഖീകരിക്കുന്നത്; എന്താണ് നിങ്ങളിലേക്ക് കടന്നുവരുന്നത്?" ഉമർ(റ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാവും പിതാവും താങ്കൾക്ക് ബലിയായിരിക്കട്ടെ! വല്ല ദിവ്യസന്ദേശവും അവതരിച്ചുവോ? അതോ ശത്രുക്കൾ ആക്രമണത്തിനൊരുങ്ങി നിൽപ്പുണ്ടോ?" അവിടുന്ന് പറഞ്ഞു: "അതൊന്നുമല്ല കാര്യം; മറിച്ച്, റമദാനിലെ ആദ്യരാവിൽ തന്നെ ഈ ഖിബ്‌ലയുടെ അവകാശികൾക്കെല്ലാം അല്ലാഹു പൊറുത്തുകൊടുക്കുന്നു!" അനസ് (റ) പറയുന്നു: ജനങ്ങളിൽ ഒരാൾ ഇതു കേട്ടപ്പോൾ തലകുലുക്കി 'ഛെ, ഛെ' എന്ന് പറയുന്നുണ്ടായിരുന്നു. നബി(സ) ചോദിച്ചു: "ഇത് കേട്ട് താങ്കളുടെ ഹൃദയം കുടുസ്സായതുപോലെ തോന്നുന്നല്ലോ?" അയാൾ പറഞ്ഞു: "അല്ലാഹുവാണ! പ്രവാചകരേ, അങ്ങനെയല്ല. ഞാൻ കപടവിശ്വാസിയെ കുറിച്ച് ഓർത്തുപോയതാണ് (അവർക്കും അല്ലാഹു പൊറുത്തു കൊടുക്കുമോ?)" നബി(സ) പറഞ്ഞു: "കപടവിശ്വാസി കാഫിറാണ്. ഈ അനുഗ്രഹത്തിൽനിന്ന് അവന് ഒന്നും ലഭിക്കുകയില്ല" (ബൈഹഖി- 3621).

**അല്ലാഹു** അവന്റെ ദാസന്മാർക്കായി പ്രത്യേകം തെരഞ്ഞെടുത്ത അനുഗൃഹീത മാസമാണ് റമദാൻ. റമദാനെ അർഹിക്കുന്ന ഗൗരവത്തോടെ വരവേൽക്കണമെന്നും അതിലെ നന്മകൾ ഒരു കാരണവശാലും പാഴാക്കിക്കളയരുതെന്നും ഉണർത്തുകയാണ് ഈ നബി വചനത്തിൽ.

അല്ലാഹുവിന്റെ മഹത്വവും ഔന്നത്യവും വിളംബരപ്പെടുത്തുന്ന പ്രയോഗമാണ് സുബ്ഹാനല്ലാഹ്! അല്ലാഹു എത്ര ഉന്നതനും മഹാനും പരിശുദ്ധനും എന്നാണ് അതിന്റെ അർഥം. വിസ്മയകരമായ കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ ആളുകൾ സുബ്ഹാനല്ലാഹ് എന്ന് പറയാറുണ്ട്. ഇവിടെ റമദാനുമായി ബന്ധപ്പെടുത്തിയാണ് നബി(സ) സുബ്ഹാനല്ലാഹ് പ്രയോഗിച്ചിട്ടുള്ളത്. അതിനർഥം റമദാൻ ഇതര മാസങ്ങളെപോലെ കേവലം ഒരു മാസമല്ലെന്നും ആശ്ചര്യകരമായ നിരവധി അനുഗ്രഹങ്ങൾ അതിൽ ഉൾച്ചേർന്ന് കിടക്കുന്നുണ്ട് എന്നുമാണ്. നബി(സ) പറഞ്ഞു: "റമദാന്റെ ശ്രേഷ്ഠതകളെയും മഹത്വങ്ങളെയും കുറിച്ച് ദൈവദാസന്മാർ അറിഞ്ഞിരുന്നുവെങ്കിൽ വർഷം മുഴുവൻ റമദാനായിരുന്നെങ്കിലെന്ന് എന്റെ സമുദായം കൊതിച്ചുപോവുമായിരുന്നു" (ബൈഹഖി, ത്വബ്റാനി, ഇബ്നു ഖുസൈമ).

തെറ്റുകുറ്റങ്ങൾ അല്ലാഹുവിനും അവന്റെ ദാസന്മാർക്കുമിടയിലെ വേലിക്കെട്ടുകളാണ്. സൃഷ്ടികർത്താവുമായുള്ള സുഗമമായ ബന്ധത്തിന് തടസ്സം നിൽക്കുന്നത് തിന്മകളായിരിക്കും. അതിനാൽ ആദ്യം പാപങ്ങളിൽനിന്ന് ശുദ്ധീകരിക്കപ്പെടണം. അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും നേടിയെടുക്കാൻ അത് കൂടിയേ തീരൂ. റമദാൻ വിശ്വാസിക്ക് നൽകുന്ന ആദ്യ അനുഗ്രഹം പാപമോചനമാണെന്ന് നബി(സ) എടുത്തു പറയുന്നത് അതുകൊണ്ടാണ്.

ഏതൊരാളുടെയും ഏത് വൻപാപവും അതിക്രമവും നിസ്സങ്കോചം അല്ലാഹു പൊറുത്തുകൊടുക്കും എന്ന് ഇതിന് അർഥമില്ല. 'ഖിബ്‌ലയുടെ അവകാശി' എന്ന് നബി(സ) വിശേഷിപ്പിക്കുന്നത്, തെറ്റുകുറ്റങ്ങളിൽനിന്ന് പരമാവധി അകന്നുനിൽക്കുന്ന നിഷ്കളങ്കനായ ദൈവദാസനെയാണ്. നിർബാധം തെറ്റുകുറ്റങ്ങളിലേർപ്പെട്ട് ജീവിതം പാഴാക്കുന്ന അക്രമികൾ ഇതിൽ പെടില്ല. നബി(സ) പറഞ്ഞു: "അഞ്ചു നേരത്തെ നമസ്കാരം അവക്കിടയിൽ സംഭവിച്ച പാപങ്ങളെയും ഒരു ജുമുഅ അടുത്ത ജുമുഅ വരെയുള്ള പാപങ്ങളെയും ഒരു റമദാൻ അടുത്ത റമദാൻ വരെയുള്ള പാപങ്ങളെയും പൊറുപ്പിക്കുന്നതാണ്; ഒരാൾ വൻപാപങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ" (മുസ്‌ലിം).

കപടവിശ്വാസികളുടെയും തെറ്റുകുറ്റങ്ങളിൽ ജീവിതം പാഴാക്കുന്നവരുടെയും അവസ്ഥ ഇതല്ല. റമദാന്റെ ശ്രേഷ്ഠതകളെ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്തവരാണവർ. നബി(സ) പറഞ്ഞു: "ഇതാ നിങ്ങളുടെ മാസം (റമദാൻ) നിങ്ങളുടെ മേൽ തണലിട്ടിരിക്കുന്നു! ഈ മാസത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു മാസവും മുസ്‌ലിംകളുടെ മേൽ കഴിഞ്ഞുപോവുന്നില്ല. ഇതിനേക്കാൾ ഉപദ്രവകരമായ മറ്റൊരു മാസം മുനാഫിഖുകളുടെ മേലും കടന്നുപോവുന്നില്ല. അറിയുക, ഈ മാസത്തിന്റെ പ്രതിഫലവും അനുഗ്രഹവും അത് വന്നെത്തുന്നതിന് മുമ്പെ അല്ലാഹു രേഖപ്പെടുത്തിവെക്കുന്നുണ്ട്. അപ്രകാരം തന്നെയാണ് അതിന്റെ പാപവും ദൗർഭാഗ്യവും. ഈ മാസം കടന്നുവരുന്നതിന് മുമ്പേ അവയും അല്ലാഹു രേഖപ്പെടുത്തിവെക്കുന്നു. നിശ്ചയം, വിശ്വാസികൾക്ക് ഈ മാസം ദൈവാരാധനക്കു വേണ്ടി ശക്തി സംഭരിക്കാനുള്ള കാലമാണ്. കപടവിശ്വാസികൾക്കാവട്ടെ, വിശ്വാസികളുടെ ന്യൂനതകളും പാളിച്ചകളും അന്വേഷിച്ചുനടക്കാനുള്ള കാലവും. അങ്ങനെ വിശ്വാസിക്ക് ഈ മാസം ഒരു സമ്പാദ്യവും അനുഗ്രഹവുമായിത്തീരുമ്പോൾ ദുർവൃത്തന് ശിക്ഷയും ശാപവുമായി ഭവിക്കുന്നു" (അഹ്മദ്, ബൈഹഖി, ത്വബ്റാനി). ■

**ജഅ്ഫർ എളമ്പിലാക്കോട്**